നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായി സംസാരിക്കുകയുണ്ടായോ; വിശദമാക്കുമോ;

(ബി) ഉയർന്ന ലാഭക്ഷമത കൈവരിച്ചിട്ടുള്ള കൊച്ചിൻ ഷിപ്പ് യാർഡിന്റെ ഓഹരി വില്ക്കാനുള്ള നീക്കം എപ്പോഴാണ് ആരംഭിച്ചത്;

(സി) 1998-ൽ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരുന്ന ഗീതാകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ എന്തായിരുന്നു; ശിപാർശക്കെതിരെ അന്ന് സംസ്ഥാന സർക്കാർ നടത്തിയ ശ്രമങ്ങൾക്കൊടുവിൽ കേന്ദ്ര സർക്കാർ എടുത്ത തീരുമാനം എന്തായിരുന്നു;

(ഡി) ഓഹരി വിറ്റഴിക്കാനുള്ള ഇപ്പോഴത്തെ നീക്കങ്ങൾക്കെതിരെ ഫലപ്രദമായ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,

(എ) കൊച്ചി കപ്പൽശാല സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതല്ല.

(ബി) കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡിന്റെ IPO നിർദ്ദേശം 18-11-2015-ലെ Cabinet Committee on Economic Affairs ആണ് അംഗീകരിച്ചത്.

(സി) ഈ വിഷയം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

(ഡി) പരിശോധിച്ചുവരുന്നു.

സിവിൽ സർവ്വീസിന്റെ കാര്യക്ഷമത

9 (*309) ശ്രീ. എസ്. രാജേന്ദ്രൻ :
,, ജി. സുധാകരൻ :
,, പി. ശ്രീരാമകൃഷ്ണൻ :
,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) സിവിൽ സർവ്വീസിനെ സംസ്ഥാനത്തിന്റെ വികസനത്തിന് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ സാധിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭരണതലത്തിലെ തട്ടുകളുടെ എണ്ണം കുറയ്ക്കലും ഭരണഭാഷ മലയാളമാക്കലും ഉൾപ്പെടെ, ഭരണത്തെ ചലനാത്മകമാക്കി മാറ്റുന്നതിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ; ഇത് മൂലം തീരുമാനം എടുക്കാനുള്ള ഫയലുകളുടെ എണ്ണം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 2014-15 ധനകാര്യവർഷത്തിൽ, സർക്കാർ സർവ്വീസിൽ നിന്ന് കുറവ് ചെയ്യേണ്ടതായി ധനവകുപ്പ് കണ്ടെത്തേണ്ടിയിരുന്ന തസ്തികകൾ എത്രയായിരുന്നു; പ്രസ്തുത വകുപ്പ് ഇതര വകുപ്പ് മേധാവികൾക്ക് 19-9-2014-ൽ അയച്ചിരുന്ന കത്തിന്റെയടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായാണ് വിവിധ വകുപ്പുകളിൽ ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കുന്നത്. ഇ-ടെണ്ടർ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. പൗരാവകാശ രേഖ, വിവരാവകാശ നിയമം, സേവനാവകാശ നിയമം, ഇ-ഓഫീസ്, ബയോമെട്രിക് പഞ്ചിംഗ്, ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ മുതലായ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഫയലുകളിൽ സമയബന്ധിതമായി തന്നെ തീരുമാനമെടുത്ത് തീർപ്പാക്കുന്നതിന് 4-8-2015-ലെ 12960/എ.ആർ. 14(2)/15/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു)*

(ഡി) 19-9-2014-ലെ G.O. (P) No. 400/14/Fin. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ വകുപ്പുകളിൽ അധികമായി കണ്ടെത്തിയ 30,000 താൽക്കാലിക തസ്തികകളുടെ 25 ശതമാനം കുറവ് ചെയ്യുന്നതിന്റെ ഭാഗമായി എക്സ്പെൻഡിച്ചർ സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും വിവിധ വകുപ്പുതലവന്മാരുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ അധികമായി കണ്ടെത്തിയ താൽക്കാലിക തസ്തികകളുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയും ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly